# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 710 — 11.07.2016-ൽ മറുപടിയ്ക്ക്

## സ്പീഡ് കേരള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>,, സണ്ണി ജോസഫ്<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, അനിൽ അക്കര | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് 'സ്പീഡ് കേരള പദ്ധതി' നടപ്പാക്കുന്നതിന് മുൻ സർക്കാർ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (എ) 14.06.2013-ലെ ജി.ഒ.(എം.എസ്) നം. 51/2013/പൊ.മ.വ. പ്രകാരം 23 പദ്ധതികളാണ് സ്പീഡ് കേരള എന്ന പരിപാടിയിൽ ഉൾപ്പെടുത്തി മുൻ സർക്കാർ അംഗീകാരം നൽകിയത്. തുടർന്ന് പദ്ധതിയിൽ ഉൾപ്പെടുന്ന 10 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി. ഇവയിൽ 145 കോടി രൂപ അടങ്കൽ തുക കണക്കാക്കിയിരിക്കുന്ന കോഴിക്കോട് ദേശീയപാത ബൈപ്പാസ് നിർമ്മാണം പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിച്ച് ഗതാഗതത്തിനായി തുറന്ന് കൊടുത്തു. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന രാമപുരം-നാലമ്പലം ദർശനം റോഡ്, കഞ്ഞിക്കുഴി-വെട്ടത്തുകവല-കറുകച്ചാൽ റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം 90% പൂർത്തിയായി. ഇവയുടെ അടങ്കൽ തുക യഥാക്രമം 50.75 കോടി രൂപയും, 45.35 കോടി രൂപയുമാണ്. ആർ.ബി.ഡി.സി.കെ. യുടെ ആഭിമുഖ്യത്തിൽ 41.28 കോടി രൂപ അടങ്കൽ തുക കണക്കാക്കിയിട്ടുള്ള പാലാരിവട്ടം ഫ്ലൈഓവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 90% പൂർത്തീകരിച്ചു. ഇവയ്ക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തി. പദ്ധതിയിൽ ഉൾപ്പെടുന്ന മറ്റ് 7 പ്രവൃത്തികളുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ഉദ്ദേശിച്ചത് ; വ്യക്തമാക്കാമോ ; | (ബി) സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കിന് പരിഹാരം ഉണ്ടാക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഫ്ലൈ ഓവറുകൾ, പാലങ്ങൾ, റിംഗ് റോഡുകൾ മുതലായവ നിർമ്മിക്കുക എന്നതാണ് സ്പീഡ് കേരള പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) ഇതിന്റെ നിർവ്വഹണത്തിനായി ഭരണതലത്തിൽ കൈക്കൊണ്ട നടപടികൾ അറിയിക്കാമോ ? | (സി) സ്പീഡ് കേരള പരിപാടിയിലെ തെരഞ്ഞെടുക്കപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിന് നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ